No.CEE/2242/2017/NPMDC-2017/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2017

### സാമുദായിക സംവരണം/പ്രത്യേക സംവരണം എന്നിവയ്ക്ക് അർഹരായവരുടെ പുതുക്കിയ കാറ്റഗറി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു

2017-18 അദ്ധ്യയന വർഷം കേരളത്തിലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കും, **ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായി തയ്യാറാക്കിയ റാങ്ക്‌ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള, വിവിധ സാമുദായിക സംവരണം, പ്രത്യേക സംവരണം എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ താത്കാലിക കാറ്റഗറി ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റുകൾ 11.08.2017 ന് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം സംബന്ധിച്ച വിവരങ്ങളും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം 16.08.2017 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനകം ലഭിച്ച പരാതികൾ പരിശോധിച്ച് പരിഹരിച്ചതിനു ശേഷമുള്ള പുതുക്കിയ കാറ്റഗറി ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചു.

ഇതോടൊപ്പം സ്പോർട്സ് ക്വാട്ട, എൻ.സി.സി ക്വാട്ട, ശാരീരിക ക്ഷമത കുറഞ്ഞവർ (PD) എന്നിവയുടെ താത്കാലിക കാറ്റഗറി ലിസ്റ്റും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പോർട്സ് ക്വാട്ട, എൻ.സി.സി ക്വാട്ട, ശാരീരിക ക്ഷമത കുറഞ്ഞവർ (PD) എന്നീ വിഭാഗങ്ങളിലെ താത്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉള്ളവർ മതിയായ രേഖകൾ/തെളിവുകൾ സഹിതം **'പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5–ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം'** എന്ന വിലാസത്തിൽ **22.08.2017 വൈകുന്നേരം 5 മണി**ക്കു മുൻപായി സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ **0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20.08.2017